Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8075303289

3.2.2018

Sir,

**<u>സ്വഭവനത്തിൽ സ്വൈരമായി കഴിയാനുള്ള മനുഷ്യാവകാശം</u>**

എന്റെ അപേക്ഷ സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

ഉത്സവങ്ങളും നിയമവിരുദ്ധമായ ഉച്ചഭാഷിണി ശല്ല്യവും പതിവുപോലെ തുടങ്ങിക്കഴിഞ്ഞു.

സമൂഹത്തിൽ അശാന്തിയും ഭീതിയും വളർത്തി, അന്ധവിശ്വാസികളേയും, പാപികളേയും, ഭീരുക്കളേയും ചൂഷണം ചെയ്ത് സ്വന്തം കീശയും പള്ളയും വീർപ്പിക്കുക എന്നത് ജീവിതമാർഗ്ഗമാക്കിയ സാമൂഹ്യദ്രോഹികൾ എല്ലാ വിഭാഗങ്ങളിലേയും ആരാധനാലയങ്ങൾ കൈയ്യടക്കി അതിന്റെ മറവിൽ മനുഷ്യാവകാശ ലംഘനം നടത്തി ആബാലവൃദ്ധജനങ്ങളേയും ദ്രോഹിക്കുന്നത് പതിവാക്കിയിരിക്കുകയാണ്.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Noise Pollution (Regulation and Control) Rules പ്രകാരം പൊതുജനാരോഗ്യത്തിന് ഹാനികരമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളാമ്പികൾ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുള്ളതും, അതുപ്രകാരം പല ആരാധനാലയങ്ങളിലും അവയുടെ ഉപയോഗം സംപൂർണ്ണമായും നിർത്തുകയും ചെയ്തു. എന്നാൽ 18 വർഷമായിട്ടും ടി ഉത്തരവിനെ തെല്ലും വകവയ്ക്കാതെ ധിക്കാരപൂർവ്വം കോളാമ്പികൾ ഉപയോഗിച്ച് പൊതുജനങ്ങളെ ദ്രോഹിക്കുന്ന വളരെ ന്യൂനപക്ഷമായ കുറേ സാമൂഹ്യദ്രോഹികളും ഈ സമൂഹത്തിൽതന്നെ ഉണ്ട്. പൊതുജനങ്ങളുടെ നന്മയ്ക്കോ ആരോഗ്യസംരക്ഷണത്തിനോ യാതൊരു മൂല്യവും കൽപ്പിക്കാത്ത സ്വാർത്ഥ താൽപ്പര്യക്കാരായ ഈ സാമൂഹ്യദ്രോഹികൾക്കെതിരെ കർശനനടപടിയെടുക്കേണ്ടതാണ്.

**<u>ഹൈടെക് സംവിധാനങ്ങൾ സജ്ജീകരിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവരുടെ മേൽവിലാസത്തിൽ നോട്ടീസ് അയച്ച് പിഴയീടാക്കുന്നത് വളരെ വിജയകരമായി നടത്തിവരുന്നതുപോലെ, എന്തുകൊണ്ട് നിയമവിരുദ്ധമായി ഉച്ചഭാഷിണി ഉപയോഗിച്ച് പൊതുജനങ്ങളെ ദ്രോഹിക്കുന്നവർക്കെതിരെ നോട്ടീസ് അയച്ച് പിഴയീടാക്കാൻ കഴിയുന്നില്ല?</u>**

ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള സർക്കുലർ, ജില്ലാ മജിസ്ട്രേറ്റിന്റെ നടപടിക്രമം എന്നിവയൊന്നും ഒട്ടും തന്നെ പാലിക്കപ്പെടുന്നില്ല. ആയതിനാൽ അവയെല്ലാം കർശനമായി നടപ്പാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശങ്ങൾ നൽകി ആബാലവൃദ്ധജനങ്ങളേയും വളരെയധികം ദോഷകരമായി ബാധിക്കുന്ന ഈ സാമൂഹ്യ വിപത്തിൽ നിന്നും രക്ഷിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash S)